**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5912** **08-11-2021 - ൽ മറുപടിയ്ക്ക്**

**കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ (കേപ്പ്) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേപ്പിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നുണ്ട്. ബഹു. സഹകരണവകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും കേപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. കേപ്പിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു ഫിനിഷിംഗ് സ്കൂൾ, ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി എന്നിവ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ 5 പ്രോഗ്രാമുകളിലായി 2850 സീറ്റുകളും എം.ബി.എയ്ക്ക് 120 സീറ്റുകളും എം.സി.എ.യ്ക്ക് 60 സീറ്റുകളും എം.ടെക്കിന് 108 സീറ്റുകളുമാണുള്ളത്. വിവിധ കോളേജുകളിലെ വ്യത്യസ്ത പ്രോഗ്രാമുകളിലായി ISO Certification, NBA, NAAC Accreditation എന്നിവ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രോഗ്രാമുകളിൽ കൂടി മേൽ അംഗീകാരങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എഞ്ചിനീയറിംഗ് പഠനത്തിന് ആവശ്യക്കാർ കുറഞ്ഞത് സീറ്റുകൾ ഒഴിഞ്ഞു കിടക്കാൻ കാരണമായിട്ടുണ്ട്. ഇത് കേപ്പിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, നോൺ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾ എന്നിവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡിപ്ലോമ കോഴ്സുകൾ ഇക്കൊല്ലം ആരംഭിച്ചു കഴിഞ്ഞു. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് പരിശീലനം ആരംഭിച്ചു. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ കൂടി സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലാണ്. കേപ്പിനെ |

| | | | |
|---|---|---|---|
| | | | വൈവിധ്യവത്ക്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ബി) | കേപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | അധ്യാപകർക്ക് സാർവ്വത്രികമായ പരിശീലനം Faculty Development Programme, ഇന്റർ യൂണിവേഴ്സിറ്റി ഇന്ററാക്ഷൻ, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ എന്നിവ പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനും നടപടി കൈക്കൊള്ളുന്നുണ്ട്. ഈ നടപടികളിലൂടെ അധ്യാപകരുടെ മികവ് ഉയർത്തിയും വിവിധ ഏജൻസികളുടെ അക്രഡിറ്റേഷനും സർട്ടിഫിക്കേഷനും നേടിയും സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുകയാണ് ലക്ഷ്യം. കുട്ടികൾ സമർപ്പിക്കുന്ന Teacher Evaluation Report പരിശോധിച്ച് പരിഹരിക്കേണ്ടവ കണ്ടെത്തി അതിൻമേൽ നടപടികൾ കൈക്കൊണ്ടുവരുന്നു. റിസൾട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അധ്യാപകരുടെ പ്രവർത്തനം പരിശോധിച്ചു വരുന്നുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിച്ച് സിവിൽ സർവീസ് ഉൾപ്പെടെയുള്ള പരീക്ഷകളിൽ മെച്ചപ്പെട്ട വിജയം നേടുന്നതിന് കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് പരിശീലനം ആരംഭിച്ചിട്ടുണ്ട്. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ കൂടി സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ